**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3634** **02-03-2023 - ൽ മറുപടിയ്ക്ക്**

**സേഫ് കേരള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീമതി യു പ്രതിഭ ,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ വി കെ പ്രശാന്ത് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | റോഡ് വിപുലീകരണ സാധ്യതയെക്കാൾ ഏറെ ഉയർന്ന തോതിൽ വാഹനങ്ങളുടെ എണ്ണം വർദ്ധിക്കുന്നതും ട്രാഫിക് നിയമലംഘനങ്ങളും ആപത്കരമായ രീതിയിലുള്ള വാഹനമോടിക്കലും വാഹനാപകടങ്ങൾ വർദ്ധിക്കുന്നതിന് കാരണമാകുന്നതിനാൽ വാഹനാപകടങ്ങൾ കുറച്ചുകൊണ്ടു വരുന്നതിന് റോഡ് സുരക്ഷ അതോറിറ്റിയും മോട്ടോർ വാഹന വകുപ്പും നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | റോഡപകടങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യം വിഭാവനം ചെയ്തുകൊണ്ട് 2019 മുതൽ പ്രവർത്തനമാരംഭിച്ച സേഫ് കേരള പദ്ധതി പ്രകാരം 14 ജില്ലകളിലായി എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ നേതൃത്വത്തിൽ 85 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ 24 മണിക്കൂറും പൊതുനിരത്തുകളിൽ വാഹന പരിശോധന നടത്തുന്നതിനും അതിനോടൊപ്പം റോഡ് ഉപയോക്താക്കൾക്ക് റോഡ് സുരക്ഷ സംബന്ധിച്ച് അവബോധം നൽകുന്നതിനും ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു. മദ്യം, മയക്കുമരുന്ന് എന്നിവ ഉപയോഗിച്ചതിനുശേഷം വാഹനം ഓടിക്കുന്നവരുടെ എണ്ണം കൂടി വരുന്നതും അപകടങ്ങൾ വർദ്ധിക്കുന്നതിന് പ്രധാന കാരണമാകുന്നുവെന്ന് കണ്ടെത്തിയിട്ടുള്ളതിനാൽ ഇത് തടയുന്നതിന് പോലീസ്, എക്സൈസ് എന്നീ വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തി ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. പൊതു നിരത്തുകളിൽ ഗതാഗത നിയമ ലംഘനം തടയുന്നതിന് റോഡു സുരക്ഷാ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. |
| (ബി) | റോഡുകളിലെ സ്ഥിരം അപകട മേഖലകൾ കണ്ടെത്തുന്നതിനും അത്തരം സ്ഥലങ്ങളിലെ അപകടം ഒഴിവാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | കേരള റോഡ് സുരക്ഷ അതോറിറ്റി, മോട്ടോർ വാഹന വകുപ്പ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് സംയുക്ത പഠനം നടത്തി സ്ഥിരം അപകട മേഖലകൾ കണ്ടെത്തി ബ്ലാക്ക് സ്പോട്ട് ലിസ്റ്റിൽ ഉൾപ്പെടുത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | റോഡ് സുരക്ഷ അതോറിറ്റിയും മോട്ടോർ വാഹന വകുപ്പും സംയുക്തമായി നടപ്പാക്കുന്ന സേഫ് കേരള | (സി) | സേഫ് കേരള പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 675 |

| | | | |
|---|---|---|---|
| | പദ്ധതി കൂടുതൽ കാര്യക്ഷമമാക്കാൻ പരിപാടിയുണ്ടോ; ഗതാഗത നിയമലംഘകർക്കെതിരെ കർശന നടപടി ഉറപ്പാക്കാൻ വേണ്ട ഇടപെടൽ ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ? | | ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ ഉൾപ്പെടെ 726 ക്യാമറകൾ സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ആയത് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ആയതിന്റെ ഭാഗമായി 14 ജില്ലകളിലും കൺട്രോൾ റൂമുകളും തിരുവനന്തപുരത്ത് മാസ്റ്റർ കൺട്രോൾ റൂമും സജ്ജമാക്കിയിട്ടുണ്ട്. ടി ക്യാമറകൾ പ്രവർത്തന ക്ഷമമാകുന്നതോടുകൂടി ഗതാഗത നിയമ ലംഘനം കൂടുതൽ കാര്യക്ഷമമായി കണ്ടെത്തുവാനും ആയത് തടയുന്നതിനും കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ